DESPATCHED On: 05/06/2020

17/3/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2569*(7)/2013*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.10933/*എസ്.ഐ.സി-ജി 6/13*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.ഷിബുലാൽ എസ്.ഡി<br>ശ്രീലക്ഷ്മി<br>കരുവാറ്റ നോർത്ത് പി.ഒ<br>ആലപ്പുഴ | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>പോലീസ് ഇൻസ്പെക്ടറുടെ കാര്യാലയം<br>ഹരിപ്പാട് പോലീസ് സ്റ്റേഷൻ<br>ആലപ്പുഴ<br><br>2. അപ്പീൽ അധികാരി<br>ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്<br>കായംകുളം | എതിർകക്ഷികൾ |

## ഉത്തരവ്

2013 ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾക്കും വിവരങ്ങൾക്കും 6 വർഷത്തോളം പഴക്കമുണ്ട്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും കോൺഫിഡൻഷ്യലായ ചില വിവരങ്ങൾ നൽകാൻ സാധിക്കാത്തതിനാലാണ് നൽകിയിട്ടില്ലാത്തതെന്നുമാണ്.



res

3. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 26.11.2019 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാൾ കളക്ടറേറ്റ്, ആലപ്പുഴ വച്ചു നടത്തിയ വീഡീയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരു കക്ഷികൾക്കും നോട്ടീസ് നൽകുകയും കക്ഷികൾ ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും, എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ ടിയാൻ ആവശ്യപ്പെട്ട ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ഔദ്യോഗിക ഡ്യൂട്ടി രേഖപ്പെടുത്തുന്നത് കോൺഫിഡൻഷ്യൽ ആയതിനാലാണ് സർക്കിൾ ഇൻസ്പെക്ടറുടെ വീക്കിലി റിപ്പോർട്ട് നൽകാത്തതെന്നും, വാഹനരജിസ്റ്റർ എന്ന പേരിൽ രജിസ്റ്ററുകൾ ഒന്നും തന്നെ ടി ഓഫീസിൽ മെയിൻടെയിൻ ചെയ്യുന്നില്ലെന്നും , വെഹിക്കിൾ ലോഗ് ബുക്ക് ടി ഓഫീസിൽ ലഭ്യമാണെന്നുമാണ് ബോധിപ്പിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 1,2 എന്നിവയ്ക്ക് മറുപടി നൽകിയതായി കണ്ട കമ്മീഷൻ 4 മത്തെ ചോദ്യത്തിന് വെഹിക്കിൾ ലോഗ് ബുക്കിന്റെ പകർപ്പ് ഹർജിക്കാരന് നൽകാനും, 3 മത്തെ ചോദ്യത്തിനുള്ള മറുപടി കോൺഫിഡൻഷ്യൽ ആയതിനാൽ മറുപടി നൽകേണ്ടതില്ലെന്നും നിർദ്ദേശിച്ചു.

5. ഇപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM



res